# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1398**

**11.08.2017 - ൽ**
**മറുപടിയ്ക്ക്**

## പച്ചക്കറി വിത്തുകളുടെ ഗുണനിലവാരം

**ചോദ്യം**
**ശ്രീ.എം.സ്വരാജ്**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| **എ)** സംസ്ഥാനത്ത് കൃഷി ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന പച്ചക്കറി വിത്തുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ; | **എ)** സംസ്ഥാനത്ത് പച്ചക്കറി വികസന പദ്ധതി 2017-18 ൻ കീഴിൽ പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം ചെയ്യുന്നത് വി.എഫ്.പി.സി.കെ.യാണ്. കൃഷിഭവനുകളിലൂടെ വിതരണത്തിനായി എത്തുന്ന വിത്തുകളുടെ അങ്കുരണശേഷി കൃഷി ഓഫീസർമാർ പരിശോധിച്ചു ഉറപ്പു വരുത്തുന്നുണ്ട്. വിത്തുകളുടെ അങ്കുരണശേഷി 80 ശതമാനത്തിൽ താഴെയാണെങ്കിൽ ഈ കാര്യം വിത്ത് വിതരണം നടത്തിയ ഏജൻസികളെ അറിയിച്ച് വിത്തുകൾ മാറ്റി വാങ്ങി തുടർ നടപടി സ്വീകരിച്ചു വരുന്നു. പച്ചക്കറി വികസന പദ്ധതിയുടെ ബാഹ്യനിരീക്ഷണത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്ന സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പമെന്റ് (സി.എം.ഡി) ഓരോ ജില്ലകളിലും ലഭിക്കുന്ന വിത്തുകളുടെ അങ്കുരണശേഷി പരിശോധിക്കുകയും റിപ്പോർട്ട് നൽകുകയും ചെയ്യുന്നുണ്ട്. |
| **ബി)** മെച്ചപ്പെട്ട ഗുണനിലവാരം ഉള്ള വിത്തുകൾ വിതരണം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | **ബി)** മെച്ചപ്പെട്ട ഗുണനിലവാരം ഉള്ള വിത്തുകളാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| **സി)** എങ്കിൽ ഇതിന്റെ വിശദാംശം അറിയിക്കുമോ? | **സി)** മെച്ചപ്പെട്ട ഗുണ നിലവാരമുള്ള വിത്തുകൾ കേരള സംസ്ഥാന വിത്ത് വികസന അതോരിറ്റി, സർക്കാർ സീഡ് ഫാമുകൾ, വി.എഫ്.പി.സി.കെ. എന്നിവ മുഖേന ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചു വരുന്നു. കർഷകർക്ക് ലഭ്യമാകുന്ന വിത്തുകളുടെ ഗുണമേന്മ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനുള്ള സൗകര്യം കൃഷി വകുപ്പിന്റെ കീഴിലുള്ള ആലപ്പുഴയിലെ സ്റ്റേറ്റ് സീഡ് ടെസ്റ്റിംഗ് ലാബ്, തിരുവനന്തപുരത്തുള്ള പാറോട്ടുകോണം വിത്തു പരിശോധനാ ലാബ്, കാർഷിക സർവ്വകലാശാലയുടെ കീഴിൽ പട്ടാമ്പിയിലുള്ള വിത്തു പരിശോധന ലാബ്, എന്നിവിടങ്ങളിൽ ഒരുക്കിയിട്ടുണ്ട്. വിത്ത് ഉല്പാദന സംഭരണ വിതരണ കേന്ദ്രങ്ങളിൽ നിന്നും വിത്ത് സാമ്പിൾ ശേഖരിച്ച് ഗുണമേന്മ പരിശോധന നടത്തുന്നതിനായി ബ്ലോക്ക് തല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരെ സീഡ് ഇൻസ്പെക്ടർമാരായി സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. വിത്ത് പരിശോധന കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും കൃഷി വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ